# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1319 04.12.14 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന്റെ കാല-താമസം എന്താണെന്ന് വിശദമാക്കുമോ; | (എ) ഭക്ഷ്യസുരക്ഷാ പദ്ധതി താൽക്കാലികമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 17.09.14 ലെ സ.ഉ.(കൈ)നം.39/14/ഭ.സി.സ.വ പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ അനുമതി നൽകാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ആർക്കെല്ലാമാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്; | (ബി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന 154 ലക്ഷത്തോളം പേർക്കാണ് ആനുകൂല്യം ലഭിയ്ക്കുക. 14.01.11-ലെ സ.ഉ(കൈ)നം. 16/11/ത.സ്വ.ഭ.വ. 27.04.12-ലെ സ.ഉ(കൈ) നം.112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നത്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) പ്രസ്തുത പദ്ധതി പ്രകാരം മുൻഗണനാ കാർഡുകളിലെ ഓരോ അംഗത്തിനും പ്രതിമാസം 5 കിലോയും എ.എ.വൈ. കാർഡുകൾക്ക് 35 കിലോയും ഭക്ഷ്യധാന്യം ലഭിയ്ക്കുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപെടുന്നവർക്കും ഭക്ഷ്യധാന്യം സബ്സിഡി നിരക്കിൽ നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ